LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പിനുകീഴിൽ നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ

38 (1074) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ 2014-15 സാമ്പത്തിക വർഷം നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) കേന്ദ്രത്തിൽ നിന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണ് ; അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാനായിട്ടുണ്ടോ; എങ്കിൽ ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(സി) ഏതെങ്കിലും പദ്ധതിക്ക് അനുവദിച്ച തുക ലാപ്സായിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശം നൽകാമോ ;

(ഡി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതി നടപ്പാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പദ്ധതികൾ :

1. ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി
2. നാഷണൽ മീൻസ് കം-മെരിറ്റ് സ്കോളർഷിപ്പ് (NMMS)
3. നാഷണൽ സ്കീം ഓഫ് ഇൻസെന്റീവ് ടു ഗേൾസ് ഫോർ സെക്കൻഡറി എഡ്യൂക്കേഷൻ (NSIGSE)

(ബി) 1. ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി - 85.39 കോടി. 845465 കട്ടികൾക്ക് 1000 രൂപ നിരക്കിൽ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ മുഖേന ബാങ്ക് അക്കൗണ്ടിലൂടെ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി പൂർത്തിയാക്കിയശേഷം ഫണ്ട് പിൻവലിക്കുന്നതിന് ട്രഷറിയിൽ ബില്ല് ഹാജരാക്കിയിട്ടുണ്ട്.

2. NMMS, NSIGSE എന്നീ പദ്ധതികളിൽ കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം (MHRD) ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ

മുഖേന അർഹരായ കുട്ടികളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് സ്കോളർഷിപ്പ് തുക നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. എൻ.എം.എം.എസ്സ്.-ൽ ഒരു വർഷം 6,000 രൂപ ക്രമത്തിൽ ആകെ നാല് വർഷം (IX,X,XI,XII എന്നീ ക്ലാസ്സുകൾ) 24,000 രൂപയാണ് ഒരു കുട്ടിക്ക് ലഭിക്കുന്നത്. ഇൻസെന്റീവ് സ്കോളർഷിപ്പിന് ഒരു കുട്ടിക്ക് 3,000 രൂപ നിക്ഷേപിക്കും 10-ാം ക്ലാസ് ജയിക്കുകയും/18 വയസ്സ് പൂർത്തിയാകുകയും ചെയ്യുമ്പോൾ പലിശയോടൊപ്പം തുക പിൻവലിക്കാവുന്നതാണ്.

(സി) തുകകൾ ഒന്നും lapse ആയിട്ടില്ല.

(ഡി) ഇല്ല.

എ.ഐ.പി. സ്കൂളുകളിൽ അദ്ധ്യാപകരുടെ നിയമനം

39 (1075) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഐ.പി. സ്കൂളുകളിൽ അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എ.ഐ.പി. സ്കൂളുകളിലെ അദ്ധ്യാപകർക്ക് എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരുടേതിന് സമാനമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ എ.ഐ.പി. സ്കൂളുകളിലെ അദ്ധ്യാപകരെക്കൂടി ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഹയർ സെക്കൻഡറി ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) എ.ഐ.പി. സ്കൂൾ അദ്ധ്യാപകർക്ക് കെ.ഇ.ആർ. വ്യവസ്ഥകൾ ബാധകമാക്കി സ.ഉ(എം)എസ്.) നമ്പർ 93/2013/പൊ.വി.വ. തീയതി 14-3-2013 പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) എ.ഐ.പി. ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് കെ.ഇ.ആർ., കെ.എസ്.ആർ. വ്യവസ്ഥകൾ ബാധകമാക്കി ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ തുടർനടപടി ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly